# INSIGHT






Digital Magazine

# Little Kites Digital Magazine 2022-25

## St. Joseph's Boys' Higher secondary School Kozhikode



ലോകത്തെ ആകമാനം കൈപ്പിടിയിൽ ഒതുക്കുന്ന വിവര വിനിമയ സാങ്കേതിക വിദ്യയുടെ അകത്തളങ്ങളിലേക്ക് പുതിയ തലമുറയെ നേരത്തെ തന്നെ എത്തിക്കാൻ സജ്ജരാക്കുന്ന കേരള സർക്കാരിന്റെ വിദ്യാഭ്യാസ പരിപാടികളിൽ ഒന്നാണല്ലോ ലിറ്റിൽ കൈറ്റ്സ് എന്ന ഐടി കൂട്ടായ്മ. സ്കൂളിലെ നിരവധിയായ കുട്ടികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട് ഈ കൂട്ടായ്മയിലെ അംഗങ്ങൾ ആവാൻ പറ്റിയ ഞങ്ങൾക്ക് ഈ മേഖലയിലൂടെ കടന്നു പോകുമ്പോൾ അതിയായ സന്തോഷമുണ്ട്.

അറിവിന്റെയും സാങ്കേതികവിദ്യയുടെയും പുതിയ മേഖലകളെ കോർത്തിണക്കാനും മുന്നേറാനും സാധിക്കുന്ന ഈ പ്രവർത്തനത്തിന്റെ ഭാഗമായി നിരവധിയായ നൂതന വഴികളിലൂടെയാണ് ഞങ്ങൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് പഠന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായ ഒരു ലക്ഷ്യം ഞങ്ങൾ ഇവിടെ പൂർത്തീകരിക്കുകയാണ്. ഞങ്ങളുടെ സ്വന്തം ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്നം ഇവിടെ പൂർത്തീകരിക്കപ്പെടുമ്പോൾ സാങ്കേതികവിദ്യയുടെ അതിർവരമ്പുകൾ ഞങ്ങൾക്കും കൈപ്പിടിയിൽ ഒതുങ്ങും എന്നുള്ള ആത്മവിശ്വാസം ഒട്ടല്ല ഞങ്ങളെ ആനന്ദിപ്പിക്കുന്നത്.

ഈ പ്രവർത്തനത്തിലുടനീളം ഞങ്ങളെ സഹായിച്ച കൈറ്റ് മാസ്റ്റർന്മാർ, മറ്റ് അധ്യാപകർ, ആർട്ടിക്കിളുകൾ തന്ന് സഹായിച്ച ഞങ്ങളുടെ കൂട്ടുകാരോടും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മുഴുവൻ ലിറ്റിൽകൈറ്റ്സ് അംഗങ്ങളോടും നന്ദി രേഖപ്പെടുത്തുന്നു.



സ്നേഹപൂർവ്വം

**അനുപം തേജ്**
സ്റ്റുഡന്റ് എഡിറ്റർ

# ST. JOSEPH'S BOYS' HIGHER SECONDARY SCHOOL

**a Jesuit Institution**

KOZHIKODE - 673 032, PHONE : 0495-2366106
E-mail: principal@stjosephsboysschool.org






little KITEs



**നി**ങ്ങളുടെ വലിയ ശ്രമങ്ങൾക്ക്
കൂടെ നിൽക്കാൻ കഴിഞ്ഞത്
ഏറെ ആഹ്ളാദകരം.

**എ**ഴുത്തും വരകളും വായനയും
നൂതന ചിന്തകളും ടെക്നോളജിയും
എന്നും
ജീവിതത്തിന്റെ ഭാഗമാകട്ടെ...


**നി**ങ്ങളിലൂടെ ഊറിയിറങ്ങിയതോ
പുനർജനിക്കണം എന്ന് നിങ്ങൾ ആഗ്രഹിച്ച്
വീണ്ടും എടുത്തെഴുതപ്പെട്ടതോ ആയ
എല്ലാ സൃഷ്ടികളും വായിക്കപ്പെടുകയും
ഭാവനയുടെ പുതിയ വഴികളിലൂടെ
സഞ്ചരിക്കാൻ ഒരോരുത്തർക്കും
പ്രയോജനപ്പെടുന്നതുമാകട്ടെ...

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ എന്ന നിലയിൽ
ഗ്രാഫിക്സ് ഡിസൈനിഗ് മേഖലകളിലും
തിളങ്ങാനാകട്ടെ..
**സ**ർഗ്ഗാത്മക വഴികൾ ആഹ്ളാദകരമാകട്ടെ...



സ്നേഹപൂർവ്വം

**സുഭാഷ് എൻ കെ**
കൈറ്റ് മാസ്റ്റർ



# പ്രളയ താണ്ഡവം



അർജ്ജുൻ കൃഷ്ണ എൻ

ചിണുങ്ങി ചിണുങ്ങി
നീഹാരബിന്ദു പോലെ
കവിളിൽ ഇറ്റിയിറ്റി വീണപ്പോൾ
ആദ്രമായ ഒരു ലഹരി നുണഞ്ഞു.....
കൈകളിൽ കോർത്ത്
ഇളം കാറ്റ് കൊണ്ടു വന്ന്
പനിനീർ തളിച്ച പോലെ
മണ്ണിൽ വിതറിയപ്പോൾ
ഹർഷ പുളകിതരായി....
പളുങ്കുമണികൾ പതിയെ
വാനിലൂടെ കുതിച്ചെത്തി
തുമ്പിക്കൈ വണ്ണമായി
രൂപം തീർത്തപ്പോൾ ഭയചകിതരായി...

മഴപെയ്ത്ത് ഇടിമിന്നലാൽ ഘോഷമാക്കി
സൗമ്യഭാവം വെടിഞ്ഞ്
ഉഗ്രരൂപിണിയായി മണ്ണിൽ
മഹിഷാസുരനൃത്തം തുടങ്ങി
വേരിളക്കി ഗർജ്ജനം താണ്ഡവം...
തലയുർത്തി അഹങ്കരിച്ചവ
ശിരച്ഛേദം പറ്റി ഒഴുകി നടന്നു
നീലക്കടലിന്റെ വിരിമാറിലേയ്ക്ക്
പ്രളയമായ് ഒഴുകി അകന്നപ്പോൾ
ജീവനും ജീവിതവും
സ്വപ്നങ്ങളുമെല്ലാം
ആറടി മണ്ണിന്റെ ആഴങ്ങളിൽ
ചേക്കേറി..

# വെള്ളം കൊണ്ടുള്ള മതിൽ

അഭിജിത്ത് കെ പ്രകാശ്



ഒരു മനോഹരമായ താഴ്‌വരയ്ക്കു ചുറ്റും മഞ്ഞുമൂടിയ മലനിരകളാണ്. ഇവിടെ എല്ലാവരും നല്ല ഉയരമുള്ളവരാണ്. അതിനു പിന്നിൽ ഒരു കഥയുണ്ട്.

ആ താഴ്‌വരത്തിൽ വളരെ കുറച്ചു താമസക്കാരേയുള്ളൂ. പുറത്തു നിന്ന് അവിടേയ്ക്കു കടക്കാൻ ചുരങ്ങളുണ്ട്. ഒരിക്കൽ അവിടെ നിന്നും കുറച്ച് ദൂരത്തിൽ നിന്ന് ഒരു രാജാവ് വരാൻ തിരുമാനിച്ചു. ഇത് ചുരങ്ങളുടെ വശത്തു താമസിച്ചിരുന്ന രാക്ഷസന്മാർ അറിഞ്ഞു. വലിയ മന്ത്ര ശക്തിയുള്ളവരാണ് അവർ. രാജാവിനെ തടഞ്ഞേ പറ്റൂ. അദ്ദേഹം സൈന്യത്തെ ഉപയോഗിച്ച് നമ്മെ ഇവിടെനിന്ന് ഒടിപ്പിച്ചാലോ? രാക്ഷസന്മാർ എന്തുചെയ്യെന്നോ? ചുരത്തിന്റെ തുടക്കത്തിലുള്ള രണ്ടു പുഴകളിലെ വെള്ളംകൊണ്ട് രണ്ടു മതിലുകൾ പണിതു.

ചുരത്തിനടുത്തെത്തിയ രാജാവ് ജലമതിലുകൾ കണ്ട് അന്തം വിട്ടു പോയി. രാജാവിനും ചില മന്ത്രവിദ്യകളൊക്കെ അറിയാമായിരുന്നു. ആ മന്ത്രവിദ്യകളൊക്കെ രാജാവ് ഉപയോഗിച്ചിട്ടും ഒന്നും നടന്നില്ല. അപ്പോഴാണ് ഒരു പൊക്കം കുറഞ്ഞ മനുഷ്യൻ അങ്ങോട്ട് വന്നത്. അയാൾ ആ മതിലിലെ വെള്ളം മുഴുവൻ കുടിച്ചു തീർത്തു. എന്നിട്ട് ഒരു തീക്കട്ട അതിലേക്ക് തുപ്പി. നിമിഷങ്ങൾ കൊണ്ട് വെള്ളം ആവിയായി പോയി. രാജാവ് അദ്ഭുതപ്പെട്ടു പോയി.

രാജാവ് ചോദിച്ചു?. എന്നെ സഹായിച്ച നിനക്ക് ഞാൻ എന്തു സഹായമാണ് ചെയ്തു തരേണ്ടത്?

അയാൾ പറഞ്ഞു. ഞങ്ങൾ ഈ നാട്ടുകാർക്ക് പൊക്കം വളരെ കുറവാണ്. അങ്ങേയ്ക്കറിയാവുന്ന വിദ്യകൾ കൊണ്ട് ഞങ്ങളെ ഉയരമുള്ളവരാക്കൂ." രാജാവ് ഉടനെ മന്ത്രം ചൊല്ലി. ഉടനെ ആ ഗ്രാമത്തിൽ ഉള്ള എല്ലാവർക്കും നല്ല ഉയരം കൂടി.

# SMALL DREAMS



Kishan Ranj




Once up on a time
There was a little boy
He want a little chick
But parent's not allowed

Then he said to them
I want a pretty dog
But parent's not allowed

The next day he woke up
The things do hurry
Then ask to the parents

I want a little plant
I want a little plant
The parents just allowed

Then they brought a plant for him
And plant it never the house
Plant it never the house.



# STARS



HARINANDHAN.J.S

The shining light
which seem light
showing the way
To all insight
Taking the fear
of dark from mind
Making the world better
Every single night
They stay in sky

High up away
staying around white sun we say
like white pearl on such on.
a huge black blanket up away
showing light to all
In all the night
Staying all awake
To see the sight.

# അത്യാഗ്രഹം

ഭഗത്ത് പി യം




കൈനകരി ഗ്രാമത്തിൽ രാംദേവ് എന്ന പണക്കാരൻ ഉണ്ടായിരുന്നു. അയാൾ ഒരു സ്വർണ്ണ കച്ചവടക്കാരനായിരുന്ന അയാൾക്ക് നാല് മക്കൾ ഉണ്ടായിരുന്നു. തന്റെ നാല് മക്കളെയും അയാൾ നന്നായി പഠിപ്പിക്കാൻ ശ്രമിച്ചു. വലുതായെങ്കിലും അവർ ഉത്തമന്മാരായല്ല ജീവിച്ചത്. മക്കളിൽ മൂത്തവൻ അത്യാഗ്രഹിയായിരുന്നു. അങ്ങനെയിരിക്കെ രാംദേവ് ഒരു ദിവസം ആകസ്മികമായി മരണപ്പെട്ടു.

പിതാവിന്റെ മരണത്തോടെ മക്കൾ സ്വത്തിന് പരസ്പരം കലഹിക്കാൻ ആരംഭിച്ചു. തറവാട് വിൽക്കാനുള്ള തീരുമാനത്തിലെത്തി അമ്മയ്ക്ക് സ്വത്ത് ഇവർക്ക് എല്ലാവർക്കും തുല്യമായി കൊടുക്കണം എന്നായിരുന്നു ആഗ്രഹം. പക്ഷേ മൂത്ത മകന്റെ പിടിവാശിയും അത്യാഗ്രവും കാരണം സ്വത്തിന്റെ പകുതിയും അവന് കൊടുക്കേണ്ടി വന്നു. മറ്റു മൂന്നു മക്കൾ ജ്യേഷ്ഠന്റെ പിടി വാശിയിൽ അല്പം അയഞ്ഞു കൊടുത്തു.

ഭാഗം കിട്ടിയ സ്വത്തുമായി മൂത്തവൻ വീടു വെച്ച് മാറി താമസിച്ചു. മറ്റു മൂന്നുപേരും അമ്മയോടൊപ്പം ഒന്നിച്ച് കഴിഞ്ഞു.

വിവാഹം കഴിഞ്ഞ് ഭാര്യയും കുട്ടികളുമായി ജീവിക്കാൻ തുടങ്ങിയപ്പോളും അമ്മയെയും അനുജന്മാരെയും അയാൾ തിരിഞ്ഞു നോക്കിയില്ല. കാലം അധികം കഴിയും മുൻപേ മൂത്തവൻ മാരകമായ രോഗം പിടിപെട്ട് കിടപ്പിലായി. ചികിത്സയ്ക്കായി ധാരാളം പണം ചെലവഴിക്കേണ്ടതായി വന്നു. ഒടുക്കം കടം കയറി വീടും സ്ഥലവും വരെ വിൽക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ അടുത്തുള്ള എല്ലാ പൈസയും തീർന്നു. പണമില്ലാത്ത അയാളെ ഭാര്യയും കുട്ടികളും ഉപേക്ഷിച്ചു പോയി. അവസാനം അയാളുടെ അമ്മയും അനിയന്മാരും ആയിരുന്നു അയാളെ നോക്കാൻ ഉള്ളത്.

# പുസ്തകം



ഹരിശ്രീ കുറിച്ച നാൾ മുതൽ
എൻ മുന്നിൽ കാണുന്നു
അറിവിന്റെ അക്ഷരതാളുകൾ
എൻ ജീവനായ് എനിക്കൊപ്പമുണ്ടാകുമീ
അക്ഷര കൂട്ടിന്റെ തണൽ മരചോലകൾ
ആഴിതൻ അലകൾ പോൽ
മുന്നിൽ പടർന്നു കിടക്കുന്നു
അറിവാകും സാഗര നീലിമയും
ചെറിയൊരു പങ്കായമേന്തി ഞാൻ തുഴയുന്നു
അറ്റമില്ലാത്ത മായാ ലോകത്തേക്ക്

# 'The Miser'

There was once a miser. He melted all his money into a block of gold and buried it in a pit.
Everyday he would dig it up and smile to see it.

One night the gold block was stolen. So, the miser was in tears.  A friend of his saw him weeping and said "You should bury a stone in the pit and look at it everyday.  You never spent money when you had it. Was it better than a stone anyway?"

Lofin K P

# ഗ്രാമം

സിദ്വിൻ ടി എസ്




അമ്മ ചൊല്ലിയ ഗ്രാമമിന്നെങ്ങു പോയ്?
സുന്ദര ലാവണ്യ ഗ്രാമമിന്നെങ്ങു പോയ്?

ആമ്പൽ കുളങ്ങളും, മാങ്കനി തോട്ടവും
കുന്നത്തുകാവിലെ കുഞ്ഞുപാടങ്ങളും.

കുന്നിൻ ചെരുവിലെ മഞ്ചാടിക്കൂട്ടവും,
പുൽമേടും പൂമേടും ചാഞ്ചാടും ചോലയും
എങ്ങോ ഒളിഞ്ഞുപോയ്

കുന്നിൻ ചെരുവിലെ പൂങ്കാറ്റും നിന്നുപ്പോയ്
സുന്ദര ലാവണ്യ ഗ്രാമത്തിൻ സൗന്ദര്യം
വിണ്ണിലെ മറ്റേതോ ലോകത്തെ പുൽകിയോ?

കാണാമറയത്തകന്നൊരാ ഗ്രാമത്തിൻ
ലാവണ്യമെനിക്കെന്നും തിരികെ വേണം.

# പാത്തുമ്മയുടെ ആട്

അസ്സം മുഹമ്മദ് ഫദൽ



വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു നോവലാണ് പാത്തുമ്മയുടെ ആട്. നോവലിലെ കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ കുടുംബത്തിലെ അംഗങ്ങളാണ്. 1959-ൽ ആണ് നോവൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. തന്റെ ഈ രചനയിൽ ബഷീർ ഉപയോഗിച്ചിരിക്കുന്ന തനി നാടൻ ഭാഷ, കഥയോട് നമ്മെ കൂടുതൽ അടുപ്പിക്കുകയും തെല്ലും മുഷിപ്പിക്കാതെ ആദ്യാന്ത്യം പിടിച്ചിരുത്തുകയും ചെയ്യുന്നു. ഒരു കുടുംബത്തിന്റെ എല്ലാവിധ ഭാവങ്ങളും സംഭവിക്കാവുന്ന ഇതിവൃത്തങ്ങളും അവതരിപ്പിച്ചിരിക്കുന്നു.

പാത്തുമ്മയുടെ ആടിനെ പരസ്യമായി വഴക്കുപറയുകയും, പരിഹാസാഭാവത്തിൽ "ഹേ അജസുന്ദരി" എന്ന് അഭിസംബോധന ചെയ്യുകയും, പിന്നീട് തന്റെ പുതിയ നോവലിന്റെ അവശേഷിച്ച കോപ്പി ആടിനെ തീറ്റിക്കാനൊരുങ്ങുകയും, അതു പെറ്റു കഴിയുമ്പോൾ മറ്റൊരാളെക്കാളും കരുതൽ കാണിക്കുകയും ചെയ്യുന്നതിലൂടെ ബഷീറിന്റെ തന്നെ മുൻശുണ്ഠിയും നർമബോധവും പരിഹാസവും പിന്നെ തന്നെ ചുറ്റിപറ്റുന്ന മനുഷ്യരോടും ജീവജാലങ്ങളോടും പരോക്ഷത്തിൽ വച്ചു പുലർത്തുന്ന വാത്സല്യവും ലാളനയും കാണാവുന്നതാണ്. വളരെ രസകരമായി വായിച്ചു തീർക്കാവുന്നതും, ഒന്നു പുറകോട്ടു കണ്ണോടിച്ചാൽ ചിന്തകൾക്ക് തിരികൊളുത്തുകയും ചെയ്യുന്ന ഒരു അസാധ്യ നോവലാണ് ബഷീറിന്റെ പാത്തുമ്മയുടെ ആട്.



# എന്റെ ആദ്യത്തെ ഫ്ലൈറ്റ് യാത്ര

കിഷൻ രഞ്ജ്

ഇന്ന് അത്ര നല്ല ദിവസമല്ലായിരുന്നു. കൊറോണ വന്നിട്ട് ഏതാണ്ട് മൂന്നുദിവസമായി...... നല്ല ബോറടിച്ച് വീട്ടിലിരിക്കുമ്പോൾ ആയിരുന്നു അച്ഛൻ പറയുന്നത് അസുഖം മാറിയാൽ ഉടൻ നമ്മൾ കേരളം വിട്ടു പോകുമെന്ന്. ഞാനും അനിയനും വിചാരിച്ചു അച്ഛന് എന്തുപറ്റിയെന്ന്.

അച്ഛൻ പറയുന്നത് കാര്യമായി ഞങ്ങൾ എടുത്തില്ല. അങ്ങനെ കുറച്ചു ദിവസങ്ങൾക്കു ശേഷമാണ് അച്ഛൻ പറയുന്നത് നമുക്ക് നോർത്തിന്ത്യയിൽ ഏതെങ്കിലും മഞ്ഞുള്ള ഒരു സംസ്ഥാനത്ത് പോയാലോ എന്ന്. അങ്ങനെ ഞങ്ങൾ കുറേ സംസ്ഥാനങ്ങളുടെ പേര് പറഞ്ഞു. അങ്ങനെ അവസാനം ഞങ്ങൾ തീരുമാനിച്ചു കുളു-മണാലി ഹിമാചൽപ്രദേശ്. അങ്ങനെ രണ്ട് ദിവസങ്ങൾക്കുശേഷം അച്ഛൻ ടിക്കറ്റ് ബുക്ക് ചെയ്തു. ഞങ്ങൾ വിചാരിച്ചു ട്രെയിൻ ടിക്കറ്റ് ആയിരിക്കുമെന്ന് പക്ഷേ അച്ഛൻ ഫ്ലൈറ്റ് ടിക്കറ്റ് ആയിരുന്നു ബുക്ക് ചെയ്തത്.

അങ്ങനെ ഇരുപത്തിയഞ്ചാം തീയതി പുലർച്ചെ ഞങ്ങൾ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തി. ഏതാണ്ട് അഞ്ചു മണിക്കായിരുന്നു ഞങ്ങൾ പുറപ്പെട്ടത് അവിടെയെത്തുമ്പോഴേക്കും ആറരമണിയായിരുന്നു. വിമാനത്താവളത്തിന്റെ ഉള്ളിലെത്തി ഏതാണ്ട് ഒരു മണിക്കൂർ വരെ കാത്തിരുന്നു. 8 മണിയായപ്പോൾ ഞങ്ങളുടെ ഫ്ലൈറ്റിന്റെ അനൗൺസ്മെൻറ് കേട്ടു. അങ്ങനെ ഞാൻ ഞാൻ ആദ്യമായി ഫ്ലൈറ്റിന് അകത്തേക്ക് പ്രവേശിക്കാനുള്ള നടത്തത്തിനിടയിൽ വളരെ സന്തോഷിച്ചു. ഞാൻ അവസാനം ഫ്ലൈറ്റിൽ കയറി. ആദ്യം തന്നെ ഞാൻ സൈഡ് സീറ്റിൽ ഇരുന്നു അനിയനെ ഇരിക്കാൻ ഞാൻ സമ്മതിച്ചില്ല. ഒടുവിൽ അനിയൻ നടുവിലത്തെ സീറ്റിലിരുന്നു. അങ്ങനെ കുറച്ചു നേരത്തിനു ശേഷം ഫ്ലൈറ്റ് അനങ്ങാൻ തുടങ്ങി ടേക്ക് ഓഫിന്റെ സമയത്ത് ഞാൻ ഒന്ന് വിറച്ചു പോയി. മേഘങ്ങൾക്കിടയിലൂടെ... വിഹായസ്സിന്റെ അതിരില്ലാ വഴികളിലൂടെ.... എന്റെ ആദ്യത്തെ ഫ്ലൈറ്റ് യാത്ര. പിന്നെ മൂന്നു മണിക്കൂറിനു ശേഷം ഞാൻ ഡൽഹിയിൽ എത്തി. അവിടുന്ന് മഞ്ഞ് മൂടിയ കുളു മണാലിയുടെ ലാവണ്യ ഹൃദയത്തിലേക്ക്.



# അസാധ്യം

ആൽബിൻ ബെനഡിക്ട്

അസാധ്യം എന്നവാക്ക് ആവശ്യത്തിലധികം ഉപയോഗിക്കുന്നവരാണ് നമ്മൾ. നമുക്ക് മുൻപേ കടന്നുപോയവർക്ക് സാധിക്കാതിരുന്ന കാര്യങ്ങൾ നമുക്കും സാധിക്കില്ല എന്നു നാം തെറ്റായി കരുതുന്നു. 'എനിക്കതിന് സാധിക്കില്ല, എനിക്ക് കഴിയില്ല' ഇതാണ് നമ്മുടെ രീതി. എന്നാൽ, ദൈവം നമുക്ക് തന്നിരിക്കുന്ന കഴിവുകളുടെ ശക്തിയും വ്യാപ്തിയുമൊക്കെ എത്രയാണെന്നു നമുക്കറിയാമോ? ഓരോ ദിവസവും ഏതെല്ലാം മേഖലകളിലാണ് മനുഷ്യൻ പുതിയ പുതിയ നേട്ടങ്ങൾക്ക് ഉടമയായിക്കൊണ്ടിരിക്കുന്നത്.

ദൈവം തന്നിരിക്കുന്ന കഴിവുകളെ ചെറുതായി നാം കാണേണ്ട. അതുപോലെ തന്നെ 'അസാധ്യം' എന്നവാക്ക് അപൂർവ്വം മാത്രം ഉപയോഗിക്കാനുള്ളതാണെന്നും നമുക്ക് ഓർമ്മിക്കാം.



# കേരളം

അഭിനവ് സി പി

1956 നവംബർ ഒന്നാം തിയ്യതിയാണ് കേരളം രൂപീകൃതമായത്. കേരളത്തിനെകുറിച്ച് പറയാൻ ഒരുപാടുണ്ട്. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെട്ട നമ്മുടെ നാട് വളരെ മനോഹരമാണ്. എവിടെയും പച്ചപ്പ് കലർന്ന നമ്മുടെ കേരളത്തെ 'ഹരിത കേരളം' എന്നും അറിയപ്പെടുന്നുണ്ട്. ദൈവവും പ്രകൃതിയുംകൂടി കനിഞ്ഞ് അനുഗ്രഹിച്ചിരിക്കുന്ന ഭൂപ്രകൃതിയാണ് കേരളത്തിനുള്ളത്. കേരളത്തിന്റെ ഉദ്ഭവത്തെപ്പറ്റി നിരവധി ഐതീഹ്യങ്ങളുണ്ട്. അതിൽ ഒന്നാണ് പരശുരാമൻ കടലിലേക്ക് മഴുവെറിഞ്ഞു കടലിൽ നിന്ന് കേരളം സൃഷ്ടിച്ചു എന്നത്. കേരളം കല്പവൃക്ഷങ്ങളുടെ നാടാണ്. 44 പുഴകളാലും 34 കായലുകളാലും ജല സമ്പന്നമാണ് നമ്മുടെ സംസ്ഥാനം. ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും നാടാണ് കേരളം....




# ഒരു മനുഷ്യൻ- ഒരു ആസ്വാദനം

ആദിത്യൻ എൻ. വി


നർമ്മം കലർന്ന ലളിതമായ ഭാഷ കൊണ്ട് നമ്മെ ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്ത മഹാനായ എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ. പ്രസിദ്ധ നോവലിസ്റ്റും, കഥാകൃത്തും, സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു ബഷീർ. ബേപ്പൂർ സുൽത്താൻ എന്ന പേരിലാണ് അറിയപ്പെടുന്നത്. മറ്റുള്ള എഴുത്തുകാരെ അപേക്ഷിച്ച് വേറിട്ട രചനാരീതി കൊണ്ട് ബഷീർ എന്നും ശക്തമായി നിലകൊണ്ടു. സാധാരണ മനുഷ്യന്റെ സംഭാഷണം ആയിരുന്നു അദ്ദേഹം രചനയ്ക്ക് ഉപയോഗിച്ചത്. സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ ബഷീർ പറഞ്ഞ കഥയാണ് 'ഒരു മനുഷ്യൻ'.

മനുഷ്യൻ എന്ന സങ്കല്പത്തെ കുറിച്ച് അദ്ദേഹം എഴുതിയ ഒരു മനുഷ്യൻ എന്ന കഥ വായിച്ചാൽ മാത്രം മതി നമുക്ക് ബഷീറിന്റെ സാഹിത്യം എന്താണെന്ന് മനസ്സിലാക്കാൻ. ബഷീറിന്റെ അനുഭവകഥ ആയ ഒരു മനുഷ്യൻ എന്ന കഥ ആരംഭിക്കുന്നത് കഥാകൃത്ത് കഥാപാത്രമായി മാറി കൊണ്ടാണ്. കഥയിൽ കേന്ദ്ര കഥാപാത്രമായി വരുന്നത് ഒരു അപരിചിതനായ മനുഷ്യൻ ആണ്. ഏതാണ്ട് ഒരു ആയിരത്തഞ്ഞൂറോ, രണ്ടായിരത്തഞ്ഞൂറോ മൈൽ ദൂരെ പർവതനിരകളുടെ താഴ്‌വരയിലുള്ളൊരു വലിയ നഗരത്തിലാണ് ഈ കഥ നടക്കുന്നത്. അവിടെയുള്ളവർ പണ്ടുകാലം മുതൽക്കേ ദയയ്ക്ക് അത്ര പേരുകേട്ടവരല്ല. ക്രൂരത

ഉള്ളവരാണ്. കൊലപാതകം, കവർച്ച, പോക്കറ്റടി ഇതെല്ലാം നിത്യ സംഭവങ്ങളാണ്. രാത്രി 9 മണി മുതൽ 11 മണി വരെ വിദേശികളായ തൊഴിലാളികളെ ഇംഗ്ലീഷ് പഠിപ്പിക്കുകയാണ് ബഷീറിന്റെ ജോലി. ആക്കാലത്തു ബഷീർ വൈകുന്നേരം നാലുമണിക്കാണ് ഉണരുക. രാവിലത്തെ ചായ, ഉച്ചയൂണ് മുതലായ ചിലവുകൾ ലാഭിക്കാനാണ് അദ്ദേഹം ഈ തന്ത്രം ഉപയോഗിക്കുന്നത്.

കഥ നടക്കുന്ന ദിവസം വൈകുന്നേരം നാലുമണിക്ക് സാധാരണപോലെ ഉറക്കമുണർന്നു. സ്യൂട്ടും കോട്ടും ധരിച്ച് ഭക്ഷണം കഴിക്കാനായി പുറത്തേക്കിറങ്ങി. ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. മുക്കാൽ രൂപയുടെ ബില്ലും വന്നു. അത് അടയ്ക്കാൻ ആയി പോക്കറ്റിൽ കൈ ഇട്ടപ്പോൾ പേഴ്സ് കാണാനില്ല. എന്റെ പേഴ്സ് ആരോ പോക്കറ്റടിച്ചു എന്ന് ബഷീർ പറഞ്ഞു. ഒടുവിൽ വസ്ത്രങ്ങൾ അഴിച്ചു വെക്കാൻ ഹോട്ടലുടമ ബഷീറിനോട് പറഞ്ഞു. ആ സമയത്ത് അവിടെയെത്തിയ അപരിചിതനായ ഒരാൾ പൈസ നൽകി. ബഷീറുമായി നടന്നുനീങ്ങിയ അപരിചിതൻ അല്പം അകലെ എത്തിയപ്പോൾ ഏതാനും പേഴ്സുകൾ പോക്കറ്റിൽ നിന്ന് എടുത്തു. അതിൽ നിന്ന് ബഷീറിന്റെ പേഴ്സ് എടുത്തുകൊള്ളാൻ അപരിചിതൻ പറഞ്ഞു. ബഷീർ പേഴ്സ് കാണിച്ചു കൊടുത്തപ്പോൾ അയാൾ അതെടുത്തു ബഷീറിന്റെ പോക്കറ്റിലിട്ടു കൊടുത്തിട്ട് ദൈവം നിങ്ങളെ രക്ഷിക്കട്ടെ എന്ന് പറഞ്ഞു. ദൈവം നിങ്ങളെയും എന്നെയും എല്ലാവരെയും രക്ഷിക്കട്ടെ. 'മംഗളം' എന്ന് ബഷീർ പറഞ്ഞു. അതോടെ കഥ അവസാനിക്കുന്നു.

നമുക്കുചുറ്റും നല്ല ആളുകളും ചീത്ത ആളുകളുമുണ്ട്. കള്ളന്മാരും ക്രൂരന്മാരും എല്ലാ വൃത്തികേടുകളും ചെയ്യുന്നവരുമുണ്ട്. അവരെ കരുതി വേണം ജീവിക്കാൻ എന്ന് ബഷീർ ഈ കഥയിലൂടെ നമ്മോട് പറയുന്നു. ബഷീറിന്റെ കഥകളിൽ കാണുന്ന കഥാപാത്രങ്ങൾ അധികവും സാധാരണക്കാരാണ്. കൂട്ടത്തിൽ കള്ളനും പോക്കറ്റടിക്കാരനും ഒക്കെ ഉണ്ടാകും. പക്ഷേ ആരെ കഥയിൽ അവതരിപ്പിച്ചാലും അവരിൽ സ്നേഹവും, മനുഷ്യത്വവും നിക്ഷേപിക്കാൻ മനുഷ്യസ്നേഹിയായ ആ കഥാകാരൻ മടിക്കുന്നില്ല. 'ഒരു മനുഷ്യൻ' എന്ന കഥയിലെ പോക്കറ്റടിക്കാരൻ അത്തരം ഒരാളാണ്. ദുഷ്ടരെന്നു മുദ്രകുത്തുന്ന മനുഷ്യരിലും, അലിവിന്റെയും, കരുണയുടെയും അംശം വറ്റി പോയിട്ടില്ലെന്ന് ഈ കഥ നമ്മോട് പറയുന്നു.





# കൃഷിക്കാരന്റെ പകൽകിനാവ്

മിസ്ബാഹ് മുഹമ്മദ് എ പി

ഒരു ദിവസം ഒരു ദിവസം ഒരു കൃഷിക്കാരൻ ജോലി ചെയ്തു വരുകയായിരുന്നു. കാട്ടിൽ കൂടെയായിരുന്നു കൃഷിക്കാരൻ വരുന്നത് കുറ്റിച്ചെടികളിൽ ഒരു മുയൽ കുട്ടി ഉറങ്ങുന്നതു കണ്ടു.

അപ്പോൾ കൃഷിക്കാരൻ സ്വയം ഓർത്തു സംസാരിക്കാൻ തുടങ്ങി.

"ഞാനീ മുയൽ കുട്ടിയെ വിറ്റ് പണം ഉണ്ടാക്കും, ആ പണംകൊണ്ട് ഞാൻ മൂന്ന് പന്നികളെ വാങ്ങും, പന്നികൾ പ്രസവിച്ചു വീണ്ടും വീണ്ടും പന്നികൾ ഉണ്ടാകും അതിൽ മൂന്നെണ്ണത്തിനെ വിറ്റ് കുറേ പണം വീണ്ടും ഉണ്ടാക്കും. അത് കഴിഞ്ഞ് ഞാൻ ഒരു വിവാഹം കഴിക്കും. അതുകഴിഞ്ഞ് എനിക്ക് രണ്ടു കുട്ടികൾ ഉണ്ടാകും."

"കുട്ടികൾ വലുതായാൽ ഞാൻ കൃഷിചെയ്യാൻ അവരോട് ഉപദേശിക്കും അവർ കൃഷിചെയ്യുമ്പോൾ ഞാൻ ഉറക്കെ വിളിച്ചു പറയും മക്കളെ നിങ്ങൾ നോക്കി പണിയെടുത്തോ. ഇല്ലെങ്കിൽ വലിയ അരണയോ പാമ്പോ കൊത്തും, ശ്രദ്ധിക്കണം". കൃഷിക്കാരന്റെ ശബ്ദം കേട്ട് മുയൽ ഞെട്ടി എഴുന്നേറ്റു. മുയൽ ഒറ്റയോട്ടം വെച്ചുകൊടുത്തു. പാവം കൃഷിക്കാരൻ. ദേഷ്യം വന്ന് അയാൾ അവിടെനിന്നും സ്ഥലംവിട്ടു.



# എന്റെ തോട്ടം

ജോഹിൻ ജിമ്മി

തീപിടിച്ച വെയിലിൽ
ഉരുകി വിയർപ്പൊഴുക്കി
ഞാൻ വിതച്ച വിത്തുകൾ
പൊരിവെയിലിനോട് പടവെട്ടി
വാനം നോക്കി ഉയർന്നു പൊങ്ങി.

വയലിൽ വാർമുകിലതു
കാണുവാനെത്തും
വേനൽ ചൂടെന്റെ പറമ്പിൽ
നൂണുകേറുമ്പോളും
രാവാകുമ്പോൾ ചന്ദ്രിക തെ-
ല്ലാശ്വസിപ്പിക്കാനോടിയെത്തും.

പത്തുകൊട്ട വളത്തിന്റെ
പത്തിരട്ടി ഫലങ്ങളുണ്ടായി
പാവൽ കുമ്പളമെന്നിവയെല്ലാം
ഒത്തതാണെന്റെ കാഴ്ച്ചറിത്തോട്ടം

മൺകുടവുമായെന്നും നീരേകി
ഞാൻ തോട്ടത്തിലെത്താഞ്ഞാൽ
സങ്കടത്താൽ തലതാഴ്ത്തി നിൽക്കും
എൻ അരുമക്കിടാങ്ങൾ.



# വയനാടൻ കാറ്റ്

ഡിയോൺ റെന്നി തോമസ്.കെ


ഒരു യാത്ര എന്നു പറയുമ്പോൾ എനിക്ക് ആദ്യം ഓർമ്മ വരുന്നത് കേരളത്തിലെ ഊട്ടിയായ വയനാട് യാത്രയെക്കുറിച്ചാണ്. എന്തു രസമായിരുന്നു ആ യാത്ര. ഒരു പാട് കാഴ്ചകൾ കണ്ട് ആസ്വദിച്ചുള്ള ഒരു യാത്ര.


വയനാടിന്റെ ഓരോ കാഴ്ചയിലൂടെ കടന്നുപോകുമ്പോഴും ഞാൻ ചിന്തിച്ചു, എന്തു സുന്ദരമാണീ ലോകം. പച്ച പുതച്ച കുന്നുകളും മലകളും ഹരിതപൂർണ്ണമായ നമ്മുടെ കേരളം ശരിക്കും "ദൈവത്തിന്റെ സ്വന്തം നാട്" തന്നെയാണ്. ഇനി വയനാടൻ അതിശയങ്ങളിലേക്ക് കടക്കാം.

പ്രധാനപ്പെട്ട വന്യജീവി സങ്കേതമായ മുത്തങ്ങാവനത്തിലൂടെ കാടിനെ അടുത്തറിഞ്ഞ യാത്രയായിരുന്നു വയനാട്ടിലേക്ക്. പല വന്യമൃഗങ്ങളെയും കാണാൻ സാധിച്ചു. കുരങ്ങുകൾ, മാനുകൾ എന്നിങ്ങനെയുള്ള മൃഗങ്ങളെ കണ്ടു. ഞങ്ങൾ എത്തുന്നതിന് കുറച്ചു മുമ്പ് ആനക്കൂട്ടം വെള്ളം കുടിക്കാൻ പോയിട്ടുണ്ടെന്ന് അവിടെ വണ്ടി നിർത്തിയിട്ട ലോറി ഡ്രൈവർമാർ പറഞ്ഞു. എന്നാലും ദൂരെ നിന്ന് ഒന്നുരണ്ടെണ്ണത്തിനെ ഞങ്ങൾ കണ്ടു. 10 കിലോമീറ്റർ ദൂരത്തോളം കാട്ടിലൂടെ ഞങ്ങൾ വാഹനത്തിൽ സഞ്ചരിച്ചു.

പിന്നീട് ഞങ്ങൾ ബാണാസുരസാഗർ അണക്കെട്ട് കണ്ടു. ഏഷ്യയിലെ രണ്ടാമത്തെയും ഇന്ത്യയിലെ മണ്ണുകൊണ്ടുള്ള ഏക അണക്കെട്ടുമാണിത്. ഞങ്ങൾ അവിടെ ബോട്ടിംഗ് നടത്തി. സ്പീഡ് ബോട്ടിൽ ഓളങ്ങളെ വകഞ്ഞു മാറ്റിയുള്ള ആ കുതിപ്പ് ശരിക്കും ത്രില്ലടിപ്പിക്കുന്നതായിരുന്നു.







ചരിത്ര പ്രസിദ്ധമായ എടയ്ക്കൽ ഗുഹ കാണാൻ ആണ് പിന്നെ പോയത്. അമ്പുകുത്തിമലയിലാണ് എടയ്ക്കൽ ഗുഹ സ്ഥിതി ചെയ്യുന്നത്. അവിടുത്തെ ഗുഹാ ചിത്രങ്ങളും ശിലാലിഖിതങ്ങളും കണ്ടു. വയനാട്ടിലെ പ്രാചീന ചരിത്രസ്മാരക ഗുഹ കാണാൻ ആയിരങ്ങളാണ് ദിവസവും മലകയറി വരുന്നത്. പാറയിടുക്കിലൂടെ നൂഴഞ്ഞുകയറി ഗുഹയ്ക്കുള്ളിൽ പ്രവേശിച്ചാൽ അത് ഒരു പ്രത്യേക ലോകം തന്നെയാണ്. മലയ്ക്ക് മുകളിൽ കയറി ചുറ്റും നോക്കിയാൽ മൂന്നു സംസ്ഥാനങ്ങളുടെ പ്രദേശങ്ങൾ ഒരിടത്തു നിന്നും കാണാം. എടയ്ക്കൽ ഗുഹയിൽ രാവിലെ 9 മുതൽ വൈകീട്ട് 4 മണി വരെ മാത്രമേ അവിടെ പ്രവേശനമുള്ളൂ. 130 പടികളുണ്ട് ഗുഹയിലെത്താൻ. ഞങ്ങൾ നടന്ന് വല്ലാതെ ക്ഷീണിച്ചു. കുടിക്കാൻ വെള്ളവും ബിസ്കറ്റും കയ്യിൽ കരുതിയിരുന്നു.

വയനാട് യാത്ര എന്നെ ഒരു പാട് കാര്യങ്ങൾ പഠിപ്പിച്ചു. ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു യാത്രയാണത്. അതു കൊണ്ടു തന്നെ ഒരു യാത്രയെക്കുറിച്ച് പറയുമ്പോൾ എന്റെ മനസ്സിൽ ഓടിയെത്തുന്നത് ഈ വയനാട് യാത്ര തന്നെയാണ്. സഞ്ചാരികൾക്ക് എന്നും പുതുമ നിറഞ്ഞ കാഴ്ചകൾ സമ്മാനിക്കുന്ന സുന്ദരയിടമാണ് വയനാട്. വയലും നാടും കാടും ചേരുന്ന അപൂർവം പ്രദേശങ്ങളിലൊന്നാണിവിടം. താമരശ്ശേരി ചുരം കയറുന്നതുമുതൽ വയനാടിന്റെ ദൃശ്യചാരുതയ്ക്ക് തുടക്കമാകും. ചെറുതും വലുതുമായ നൂൽമഴയും കോടമഞ്ഞും പെയ്തിറങ്ങുന്ന ഈ ഹരിതഭൂവിൽ എവിടേയ്ക്ക് കണ്ണുപായിച്ചാലും കാഴ്ചകളിലേക്കുള്ള കയറ്റിറക്കങ്ങളാണ്.



# THE GOOD LIFE !

*When some people talk about money*
*They speak as if it were a mysterious lover*
*Who went out to buy milk and never*
*Came back, and it makes me nostalgic*
*For the years I lived on coffee and bread,*
*Hungry all the time, walking to work on payday*
*Like a woman journeying for water*
*From a village without a well, then living*
*One or two nights like everyone else*
*On roast chicken and red wine.*

*Anay*
















THANK YOU
ST. JOSEPH'S
BOYS' HIGHER SECONDARY SCHOOL
Kozhikode, Kerala